ജനയുഗം
JANAYUGOM
23 November 2017

# ഇനി മത്സ്യങ്ങളെ കണ്ടറിഞ്ഞ് വലവീശാം; ഗവേഷണ പദ്ധതിയുമായി ശാസ്ത്രജ്ഞർ

കൊച്ചി: കടലിൽ മത്സ്യലഭ്യത കൂടുതലുള്ള സ്ഥലം ഉപഗ്രഹങ്ങളിൽ നിന്നുള്ള വിവരങ്ങൾ ഉപയോഗിച്ച് പ്രവചിക്കാനുള്ള സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ബഹിരാകാശ ഗവേഷണ കേന്ദ്രവുമായി (ഐഎസ്ആർഒ) കൈകോർക്കുന്നു.

മത്സ്യത്തൊഴിലാളികൾക്ക് ഏറെ പ്രയോജനപ്രദമാകുന്നതാണ് ഇരു സ്ഥാപനങ്ങളും സംയുക്തമായി നടത്തുന്ന 'സമുദ്ര' ഗവേഷണ പദ്ധതി.

ഓരോ സീസണുകളിലും കടലിൽ ഏതൊക്കെ ഭാഗങ്ങളിലാണ് മീൻ ലഭ്യത കൂടുതലെന്ന് ദിവസങ്ങൾക്ക് മുമ്പ് തന്നെ പ്രവചിക്കാനുള്ള സംവിധാനം വികസിപ്പിക്കുന്നതിന് സിഎംഎഫ്ആർഐയും ഐഎസ്ആർഒയുടെ സ്പേസ് അപ്ലിക്കേഷൻ സെന്ററും സംയുക്തമായ പഠനം ആരംഭിച്ചു. തത്സമയം മീൻ ലഭ്യത അറിയാനുള്ള സംവിധാനം മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. എന്നാൽ ഈ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതോടെ, വരും ദിവസങ്ങളിൽ എവിടെയൊക്കെ മത്സ്യ ലഭ്യതയുണ്ടാകുമെന്ന് മുൻകൂട്ടി പ്രവചിക്കാനാകും. ഇതുവഴി മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ മീൻ ലഭിക്കാനും ഇന്ധനച്ചെലവ് വൻതോതിൽ കുറയ്ക്കാനും സാധിക്കും. വിവിധ കാലാവസ്ഥകളിലും സീസണുകളിലും മീനുകൾ കൂടുതലുള്ള സ്ഥലങ്ങൾ കൃത്യമായി മുൻകൂട്ടി പ്രവചിക്കുന്നതോടൊപ്പം, ചുഴലിക്കൊടുങ്കാറ്റ് പോലുള്ള പ്രതിഭാസങ്ങളെ കുറിച്ച് മുന്നറിയിപ്പ് നൽകാനും കഴിയും.

ഇന്ത്യൻ മത്സ്യബന്ധന മേഖലയിൽ നിർണായക വഴിത്തിരിവാണ് ഐഎസ്ആർഒയുടെ സഹായത്തോടെയുള്ള പഠനമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു.

മീനുകൾ കൂട്ടത്തോടെ കാണപ്പെടുന്ന സ്ഥലങ്ങളിലെ വെള്ളത്തിലടങ്ങിയ വിവിധ ഘടകങ്ങൾ പരിശോധിച്ച് ഇവ ഉപഗ്രഹത്തിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളുമായി പരിശോധിച്ച് ഉറപ്പുവരുത്തിയാണ് പുതിയ സാങ്കേതികവിദ്യ വികസിപ്പിക്കുന്നത്. ആദ്യഘട്ടത്തിൽ, തമിഴ്നാട് തീരങ്ങളിലാണ് ഇതിനുള്ള പഠനം നടത്തുന്നത്. ചെന്നൈ, പോണ്ടിച്ചേരി ഭാഗങ്ങളിലെ മീൻപിടുത്ത സ്ഥലങ്ങൾ പഠനത്തിന് വിധേയമാക്കും. മീനുകൾ കൂടുതൽ തങ്ങുന്ന സ്ഥലങ്ങളിലെ സമുദ്രജലത്തിന്റെ ഊഷ്മാവ്, വെള്ളത്തിന്റെ ഒഴുക്ക്, പോഷകമൂല്യം, ഉപ്പിന്റെയും അമ്ലത്തിന്റെയും അളവ്, പ്രവകങ്ങളുടെ സാന്നിധ്യം എന്നിവ ശേഖരിച്ച ശേഷം ഉപഗ്രഹത്തിൽ ഈ സ്ഥലം എങ്ങനെയാണ് അടയാളപ്പെടുത്തുന്നതെന്ന് ഒത്തുനോക്കിയാണ് പുതിയ ഉപഗ്രഹ പ്രവചന മാതൃക വികസിപ്പിക്കുന്നത്. ജനുവരിയിൽ കൊച്ചിയിൽ നടക്കുന്ന അന്താരാഷ്ട്ര സഫാരി സമ്മേളനത്തിൽ ഈ ഗവേഷണ പദ്ധതി മുഖ്യ ചർച്ചാവിഷയമാകും. സിഎംഎഫ്ആർഐ ചെന്നൈ ഗവേഷണ കേന്ദ്രത്തിലെ മുഖ്യ ശാസ്ത്രജ്ഞ ഡോ ശോഭ ജോ കിഴക്കൂടൻ ആണ് പദ്ധതിയുടെ മുഖ്യ ഗവേഷക.